ടി.കെ ഉബൈദ്

1257

സൂറ - 48

# അൽ ഫത്ഹ്

# الفتح

## സൂക്തം 17-19

ദീനിനുവേണ്ടി നഷ്ടങ്ങൾ നേരിടേണ്ടി വരുമെന്നോ ത്യാഗങ്ങളനുഷ്ഠിക്കേണ്ടി വരുമെന്നോ കാണുമ്പോൾ ഓടിയൊളിക്കുക. എന്നിട്ട് തങ്ങളുടെ നിലപാടാണ് ദീനിന്റെ താൽപര്യം സംരക്ഷിക്കുക എന്നു വാദിക്കുക. യഥാതഥം ദീനീ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവർ തീവ്രവാദികളോ പിന്തിരിപ്പന്മാരോ ആണെന്ന് ആക്ഷേപിക്കുക, സ്വന്തം നിലപാട് തെറ്റായിരുന്നുവെന്ന് തെളിയുമ്പോൾ സാഹചര്യങ്ങളുടെ സമ്മർദം പറഞ്ഞ് ന്യായീകരിക്കുക, പിന്നീട് വരുന്ന ദീനീ സംരംഭങ്ങളുടെ നേതൃത്വമേറ്റെടുക്കാൻ വെമ്പൽകൊള്ളുക, അതു ലഭിച്ചില്ലെങ്കിൽ മറ്റുള്ളവരിൽ അസൂയയും കുനിഷ്ഠും സ്വാർഥതയുമൊക്കെ ആരോപിച്ച് സംഘത്തിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുക. ഇത്തരം ആളുകളെ സമൂഹത്തിൽ എക്കാലത്തും കാണാം.

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ
يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ وَمَن يَتَوَلَّ يُعَذِّبْهُ عَذَابًا أَلِيمًا ﴿١٧﴾

*17*

*അന്ധൻ സൈനിക സേവനം ചെയ്യാതിരിക്കുന്നതിന് വിരോധമില്ല. മുടന്തനും വിരോധമില്ല. രോഗിക്കും വിരോധമില്ല. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവരെ അവൻ താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അനുസരണത്തിൽനിന്നു പിന്തിരിയുന്നവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്യും.*

| | |
|---|---|
| അന്ധനുമേൽ (സൈനിക സേവനം ചെയ്യാതിരിക്കുന്നതിന്) വിരോധമില്ല | لَّيْسَ عَلَى الْأَعْمَىٰ حَرَجٌ |
| മുടന്തന്റെ മേലും വിരോധമില്ല | وَلَا عَلَى الْأَعْرَجِ حَرَجٌ |
| രോഗിയുടെ മേലും വിരോധമില്ല | وَلَا عَلَى الْمَرِيضِ حَرَجٌ |
| അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്ന(വരെ) വനാരോ | وَمَن يُطِعِ اللَّهَ وَرَسُولَهُ |
| അവനെ(രെ) അവൻ താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു | يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ |
| (അനുസരണത്തിൽനിന്ന്) പിന്തിരിയുന്നവ(രെ) വനാരോ | وَمَن يَتَوَلَّ |
| അവനെ അവൻ വേദനയേറിയ ശിക്ഷ(കഠിനമായി) ശിക്ഷിക്കുകയും ചെയ്യും | يُعَذِّبْهُ عَذَابًا أَلِيمًا |

അംഗവൈകല്യമോ രോഗമോ മറ്റവശതകളോ അനുഭവിക്കുന്നവർ സൈന്യത്തിൽ ചേർന്ന് ക്ലേശിക്കണമെന്ന് കൽപിക്കുന്നില്ല. അന്ധനും മുടന്തനും രോഗിയുമൊക്കെ പോരാട്ടത്തിൽനിന്ന് മാറിനിൽക്കുന്നതിന് വിരോധമില്ല. എന്നാൽ, അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടും കൂറും ഗുണകാംക്ഷയുമുള്ളവരായിരിക്കണം. ഇതെക്കുറിച്ച് 9:91-ൽ പറയുന്നു: لَّيْسَ عَلَى الضُّعَفَاءِ وَلَا عَلَى الْمَرْضَىٰ وَلَا عَلَى الَّذِينَ لَا يَجِدُونَ مَا يُنفِقُونَ حَرَجٌ إِذَا نَصَحُوا لِلَّهِ وَرَسُولِهِ (അവശരും രോഗികളും ചെലവിനാവശ്യമായത് കണ്ടെത്താത്തവരും സമരത്തിൽ പങ്കെടുക്കാതിരിക്കുന്നതിൽ കുറ്റമില്ല; അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടും കൂറും ഗുണകാംക്ഷയുമുള്ളവരാണെങ്കിൽ). അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവർക്ക് ശാശ്വത സ്വർഗത്തിൽ പ്രവേശനമരുളുന്നു. എന്നാൽ, പോരാട്ടത്തിൽ ഇസ് ലാം ജയിച്ചാലെന്ത്, ജാഹിലിയ്യത്ത് ജയിച്ചാലെന്ത്, ആരു ജയിച്ചാലും തോറ്റാലും നമുക്കൊന്നുമില്ല എന്ന ഭാവത്തിൽ സ്വന്തം കാര്യം മാത്രമോർത്ത് പിന്മാറുന്നവർ അവശരായാലും ആരോഗ്യവാന്മാരായാലും കൊടിയ ശിക്ഷക്കിരയാകുന്നു.

പതിനൊന്നാം സൂക്തം മുതൽ ഇതുവരെ പ്രതിപാദിച്ച, കപടന്മാരുടെയും വിശ്വാസത്തിന് ദൃഢതയില്ലാത്തവരുടെയും സ്വഭാവം പ്രവാചകന്റെ കാലത്തുണ്ടായിരുന്നവർക്കു മാത്രം ബാധകമായതല്ല. മുസ് ലിം സമുദായത്തിൽ അത്തരക്കാർ ഇന്നും ധാരാളമുണ്ട്. ദീനിനു വേണ്ടി നഷ്ടങ്ങൾ നേരിടേണ്ടി വരുമെന്നോ ത്യാഗങ്ങളനുഷ്ഠിക്കേണ്ടി വരുമെന്നോ കാണുമ്പോൾ ഓടിയൊളിക്കുക. എന്നിട്ട് തങ്ങളുടെ നിലപാടാണ് ദീനിന്റെ താൽപര്യം സംരക്ഷിക്കുക എന്നു വാദിക്കുക. യഥാതഥം ദീനീ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവർ തീവ്രവാദികളോ പിന്തിരിപ്പന്മാരോ ആണെന്ന് ആക്ഷേപിക്കുക, സ്വന്തം നിലപാട് തെറ്റായിരുന്നുവെന്ന് തെളിയുമ്പോൾ സാഹചര്യങ്ങളുടെ സമ്മർദം പറഞ്ഞ് ന്യായീകരിക്കുക, പിന്നീട് വരുന്ന ദീനീ സംരംഭങ്ങളുടെ നേതൃത്വമേറ്റെടുക്കാൻ വെമ്പൽകൊള്ളുക, അതു ലഭിച്ചില്ലെങ്കിൽ മറ്റുള്ളവരിൽ അസൂയയും കുനിഷ്ഠും സ്വാർഥതയുമൊക്കെ ആരോപിച്ച് സംഘത്തിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുക. ഇത്തരം ആളുകളെ സമൂഹത്തിൽ എക്കാലത്തും കാണാം. ●

**വിശ്വാസികൾ ഒട്ടും വെപ്രാളപ്പെട്ടില്ല. ഭയവിഹ്വലരായി ആരും സംഘത്തിൽനിന്നു പിരിഞ്ഞുപോയതുമില്ല. ഏറ്റുമുട്ടാൻ നിൽക്കാതെ തിരിച്ചുപോകാമെന്നും ആരും പറഞ്ഞില്ല. എല്ലാവരും ശാന്തചിത്തരായി, ഭയവും വെപ്രാളവുമില്ലാതെ വരുന്നതെന്തും നേരിടുമെന്ന ധൈര്യത്തോടെ നിലകൊണ്ടു. ഈ ശാന്തതയും സ്ഥൈര്യവും അല്ലാഹു അവർക്ക് സവിശേഷമായി അരുളിയതായിരുന്നു എന്നാണ് فَأَنزَلَ السَّكِينَةَ عَلَيْهِمْ എന്ന വാക്കിന്റെ താൽപര്യം.**

۞ لَّقَدْ رَضِيَ ٱللَّهُ عَنِ ٱلْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ ٱلشَّجَرَةِ فَعَلِمَ مَا فِى قُلُوبِهِمْ فَأَنزَلَ
ٱلسَّكِينَةَ عَلَيْهِمْ وَأَثَٰبَهُمْ فَتْحًا قَرِيبًا ﴿١٨﴾ وَمَغَانِمَ كَثِيرَةً يَأْخُذُونَهَا ۗ وَكَانَ ٱللَّهُ عَزِيزًا
حَكِيمًا ﴿١٩﴾

*18*

*സത്യവിശ്വാസികൾ ആ മരച്ചുവട്ടിൽ നിന്നോട് പ്രതിജ്ഞ ചെയ്തപ്പോൾ അല്ലാഹു ആ സത്യവിശ്വാസികളിൽ സംപ്രീതനായിരിക്കുന്നു. അപ്പോൾ അവരുടെ മനോഗതം അവൻ കണ്ടറിഞ്ഞു. ആകയാൽ അവൻ അവരിൽ സമാധാനം ചൊരിഞ്ഞു. അടുത്ത വിജയം സമ്മാനിക്കുകയും ചെയ്തിരിക്കുന്നു.*

*19*

*അടുത്ത ഭാവിയിൽ അവർക്ക് കരഗതമാക്കുന്ന ധാരാളം സമരാർജിത സമ്പത്തും. അല്ലാഹു അജയ്യനും താത്ത്വികജ്ഞാനിയുമല്ലോ.*

| | |
|---|---|
| തീർച്ചയായും അല്ലാഹു തൃപ്തിപ്പെട്ടു (സംപ്രീതനായിരിക്കുന്നു) | لَّقَدْ رَضِيَ اللَّهُ |
| ആ സത്യവിശ്വാസികളിൽ | عَنِ الْمُؤْمِنِينَ |
| അവർ നിന്നോട് പ്രതിജ്ഞ ചെയ്തപ്പോൾ | إِذْ يُبَايِعُونَكَ |
| ആ മരച്ചുവട്ടിൽ | تَحْتَ الشَّجَرَةِ |
| അപ്പോൾ അവരുടെ മനസ്സിലുള്ളത് (മനോഗതം) അവൻ (കണ്ട്) അറിഞ്ഞു | فَعَلِمَ مَا فِي قُلُوبِهِمْ |

| | |
|---|---|
| ആകയാൽ അവൻ അവരിൽ സമാധാനം ഇറക്കി (ചൊരിഞ്ഞു) | فَأَنزَلَ السَّكِينَةَ عَلَيْهِمْ |
| അവൻ അവർക്ക് സമ്മാനിക്കുകയും ചെയ്തിരിക്കുന്നു | وَ أَثَابَهُمْ |
| അടുത്ത വിജയം | فَتْحًا قَرِيبًا |
| (അടുത്ത ഭാവിയിൽ) അവർ എടുക്കുന്ന (കരഗത മാക്കുന്ന) ധാരാളം സമരാർജിത സമ്പത്തും | وَمَغَانِمَ كَثِيرَةً يَأْخُذُونَهَا |
| അല്ലാഹു അജയ്യനും താത്ത്വികജ്ഞാനിയും(മല്ലോ) ആയിരിക്കുന്നു | وَكَانَ اللَّهُ عَزِيزًا حَكِيمًا |

ഹുദൈബിയയിൽ സ്വഹാബത്ത് നബി(സ)യോട് ചെയ്ത സമര പ്രതിജ്ഞയാണിവിടെ പരാമർശിക്കുന്നത് എന്നതിൽ തർക്കമില്ല. سخط (വെറുപ്പ്, അനിഷ്ടം) ന്റെ വിപരീതമായ رضى യിൽ നിന്നുള്ള ഭൂതകാലക്രിയാ വചനമാണ് رَضِيَ. തൃപ്തിപ്പെട്ടു, പ്രീതിപ്പെട്ടു, ഇഷ്ടപ്പെട്ടു, പൊരുത്തപ്പെട്ടു എന്നൊക്കെയാണ് ആശയം. رَضِيَ عَنْه എന്നാൽ അയാളോട് സംപ്രീതനായി, സംതൃപ്തനായി. അല്ലാഹുവിന്റെ പ്രീതിയും അനുഗ്രഹവുമാണ് رَضِيَ اللَّه. സ്വഹാബത്തിനെയും തത്തുല്യരായ പുണ്യാത്മാക്കളെയും അനുസ്മരിക്കുമ്പോൾ رَضِيَ اللَّهُ عَنْهُم -അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ- എന്നുരുവിടുക ഒരു ഇസ് ലാമിക സമ്പ്രദായമാണ്. ഒരു മരച്ചുവട്ടിൽ വെച്ചാണ് ഈ പ്രതിജ്ഞ നടന്നത്. അത് ഇലന്തമരം ആയിരുന്നുവെന്നും അല്ല, സുംറത് എന്നറിയപ്പെടുന്ന ഒരു മുൾമരമായിരുന്നു എന്നും പറയപ്പെടുന്നുണ്ട്. പിൽക്കാലത്ത് ആളുകൾ ഈ വൃക്ഷത്തെ പുണ്യവൃക്ഷമായി കണ്ടുവെന്നും, പുണ്യം തേടി അതിനു ചുവട്ടിൽ വന്നു നമസ്കരിക്കാൻ തുടങ്ങിയെന്നും, അതുകണ്ട് രണ്ടാം ഖലീഫ ആ വൃക്ഷം മുറിച്ചുകളഞ്ഞുവെന്നുമാണ് പ്രചുരമായ ചരിത്രം. ഇതിൽനിന്നു തികച്ചും ഭിന്നമായ പ്രസ്താവങ്ങളും ധാരാളമുണ്ട്. ഹുദൈബിയ പ്രതിജ്ഞയിൽ പങ്കെടുത്ത സ്വഹാബികൾക്ക് തന്നെ അടുത്ത വർഷം ഉംറതുൽ ഖദാഉ (മുൻവർഷം മുടങ്ങിയ ഉംറ കടം വീട്ടുന്ന ഉംറ)ന് വന്നപ്പോൾ ആ വൃക്ഷം ഏതാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. ഇമാം ബുഖാരി അബ്ദുർറഹ്മാനിബ്നു ഔഫിൽനിന്ന് ഉദ്ധരിക്കുന്നു: "ഞാൻ ഹജ്ജിനു പോയപ്പോൾ നമസ്കരിക്കുന്ന ഒരു സംഘത്തിനരികിലൂടെ കടന്നുപോകാനിടയായി. ഞാൻ അന്വേഷിച്ചു: ഇതേതു മസ്ജിദാണ്? അവർ പറഞ്ഞു: റസൂൽ (സ) ബൈഅത്തുർരിദ്‌വാൻ സ്വീകരിച്ച വൃക്ഷമാണിത്. ഞാൻ ഉടനെ സഈദുബ്നു മുസയ്യബിനെ സമീപിച്ചു സംസാരിച്ചു. അദ്ദേഹം പറഞ്ഞു: 'വൃക്ഷച്ചുവട്ടിൽ പ്രവാചകനോട് പ്രതിജ്ഞ ചെയ്തവരിലൊരാളായ എന്റെ പിതാവ് എന്നോട് പറഞ്ഞത് അടുത്ത വർഷം അതുവഴി പോയപ്പോൾ ഞങ്ങൾ ആ വൃക്ഷം ഏതാണെന്ന് മറന്നുപോയിരുന്നു, ഞങ്ങൾക്കതു തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നാണ്.' തുടർന്ന് സഈദ് ചോദിച്ചു: മുഹമ്മദി(സ)ന്റെ സഖാക്കൾ തിരിച്ചറിഞ്ഞിട്ടില്ലാത്ത ആ വൃക്ഷം നിങ്ങൾ തിരിച്ചറിഞ്ഞുവെന്നോ? ശരിക്കും അറിവുള്ളത് നിങ്ങൾക്കാണെന്നോ?"

ഈ രണ്ടു നിവേദനങ്ങളും ശരിയായിരിക്കാവുന്നതാണ്. ഹുദൈബിയയിലെ ആ വൃക്ഷം ഏതാണെന്നും എന്താണെന്നും ആ ബൈഅത്തിൽ പങ്കെടുത്ത സ്വഹാബത്ത് കുറിച്ചുവെച്ചൊന്നുമില്ല. ഒരു ചരിത്ര സ്മാരകം എന്ന നിലയിൽ പോലും അവരതിനെ ഓർമയിൽ സൂക്ഷിച്ചില്ല. പുണ്യവൃക്ഷം എന്ന വിഭാവനം ഒട്ടും ഉണ്ടായിരുന്നില്ല. ഉമറി(റ)ന്റെ ഖിലാഫത്ത് കാലമായപ്പോഴേക്കും ചില ആളുകൾ അന്ന് ഹുദൈബിയയിൽ കണ്ട ഒരു വൃക്ഷത്തിന്റെ ചുവട്ടിലാണ് ബൈഅത്തുരിദ്‌വാൻ നടന്നതെന്ന് അനുമാനിച്ച് അതിനെ പുണ്യവൃക്ഷമായി കണ്ട് അവിടെ നമസ്കരിക്കാൻ തുടങ്ങുകയും ചെയ്തു. വിവരമറിഞ്ഞ ഉമർ (റ) അത് ഗുരുതരമായ ഒരു ബിദ്അ-അനാചാര-ത്തിന്റെ തുടക്കമാണെന്ന് മനസ്സിലാക്കി മുളയിലേ നുള്ളിക്കളയാൻ ആ വൃക്ഷം പിഴുതുകളഞ്ഞു. വിശ്വാസികൾ ആത്മാർപ്പണ പ്രതിജ്ഞ ചെയ്തതോടെ അവരുടെ ഉള്ളിലുള്ള വിശ്വാസ ദാർഢ്യവും ആദർശവീര്യവും നിഷ്കളങ്കതയും അല്ലാഹുവിനോടും റസൂലിനോടുമുള്ള കൂറും അല്ലാഹു കണ്ടറിഞ്ഞു എന്നാണ് فَعَلِمَ مَا فِي قُلُوبِهِمْ എന്ന വാക്യത്തിന്റെ താൽപര്യം. ത്രികാലജ്ഞനായ അല്ലാഹുവിന് എല്ലാ കാര്യങ്ങളും അതു സംഭവിക്കുന്നതിനു മുമ്പെ തന്നെ അറിയാം. ആ അറിവ് പ്രയോഗതലത്തിൽ യാഥാർഥ്യമാകുന്ന

**ഹുദൈബിയയിലെത്തിയ മുസ് ലിംകൾ അതിഭീകരവും മാരകവുമായ അന്തരീക്ഷത്തിൽ അത്യന്തം ഭയവിഹ്വലരാകേണ്ടതായിരുന്നു. അവർ സ്വഗേഹത്തിൽനിന്ന് 400-ഓളം കി.മീ. അകലെ ബദ്ധ വിരോധികളുടെ മൂക്കിനു താഴെ എത്തിപ്പെട്ടിരിക്കുകയാണ്.**

ത് അത് സംഭവലോകത്ത് ഉളവാക്കുമ്പോഴാണ്. ഇതാണ് സംഭവങ്ങളുമായി ബന്ധിപ്പിച്ച് അല്ലാഹുവിന്റെ അറിവിനെ പരാമര്‍ശിക്കുന്നതിന്റെ താല്‍പര്യം. ഉദാ: وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ (എന്നാല്‍ ഈ ജനത്തിനു മുമ്പുണ്ടായിരുന്നവരെയൊക്കെയും നാം പരീക്ഷിച്ചിട്ടുണ്ട്. അങ്ങനെ സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹുവിന് കണ്ടറിയേണ്ടതുണ്ട് - 29:3). അല്ലാഹുവിന്റെ കേവലമായ അറിവിനെ ആസ്പദമാക്കിയല്ല, സംഭവിച്ചതിനെ ആസ്പദമാക്കിയാണ് വിചാരണയും വിധിയും നടക്കുന്നത്.

ഹുദൈബിയയിലെത്തിയ മുസ് ലിംകള്‍ അതിഭീകരവും മാരകവുമായ അന്തരീക്ഷത്തില്‍ അത്യന്തം ഭയവിഹ്വലരാകേണ്ടതായിരുന്നു. അവര്‍ സ്വഗേഹത്തില്‍നിന്ന് 400-ഓളം കി.മീ. അകലെ ബദ്ധ വിരോധികളുടെ മൂക്കിനു താഴെ എത്തിപ്പെട്ടിരിക്കുകയാണ്. ആകെയുള്ളത് 1500-ഓളം പേരാണ്. എല്ലാവരും നിരായുധരും ഉംറക്ക് ഇഹ്‌റാം ചെയ്തവരുമാണ്. യുദ്ധോപകരണങ്ങളും വിഭവങ്ങളുമൊന്നും കൈവശമില്ല. ബലിമൃഗങ്ങള്‍ മാത്രമാണ് കൂടെയുള്ളത്. അപ്പുറത്ത് മക്കക്കാര്‍ മുഴുക്കെയുണ്ട്. സര്‍വായുധ സജ്ജരാണവര്‍. അതിനു പുറമെ സമൃദ്ധമായ വിഭവങ്ങളുമുണ്ട്, ശക്തരായ സഖ്യകക്ഷികളുമുണ്ട്. മുന്‍ വര്‍ഷത്തില്‍ അഹ്സാബ് യുദ്ധത്തില്‍ ഏറ്റ പരാജയത്തില്‍ വിഷണ്ണരും വ്രണിതരുമായ പ്രതികാര മൂര്‍ത്തികളുമാണവര്‍. വിശ്വാസികള്‍ ഒട്ടും വെപ്രാളപ്പെട്ടില്ല. ഭയവിഹ്വലരായി ആരും സംഘത്തില്‍നിന്നു പിരിഞ്ഞുപോയതുമില്ല. ഏറ്റുമുട്ടാന്‍ നില്‍ക്കാതെ തിരിച്ചുപോകാമെന്നും ആരും പറഞ്ഞില്ല. എല്ലാവരും ശാന്തചിത്തരായി, ഭയവും വെപ്രാളവുമില്ലാതെ വരുന്നതെന്തും നേരിടുമെന്ന ധൈര്യത്തോടെ നിലകൊണ്ടു. ഈ ശാന്തതയും സ്ഥൈര്യവും അല്ലാഹു അവര്‍ക്ക് സവിശേഷമായി അരുളിയതായിരുന്നു എന്നാണ് فَأَنزَلَ السَّكِينَةَ عَلَيْهِمْ എന്ന വാക്കിന്റെ താല്‍പര്യം. സമ്മാനവും പാരിതോഷികവുമാണ് ثواب. അതില്‍നിന്നുള്ള സകര്‍മക ക്രിയയാണ് أَثَابَ. ഹുദൈബിയയില്‍ പ്രകടിപ്പിച്ച വിശ്വാസ ദാര്‍ഢ്യത്തിനും അല്ലാഹുവിനോടും റസൂലിനോടുമുള്ള കലവറയില്ലാത്ത കൂറിനും അനുസരണത്തിനും സമ്മാനമായി അതിനടുത്ത് കാലത്തു നടന്ന സൈനിക സംരംഭങ്ങളില്‍ അല്ലാഹു അവര്‍ക്ക് വമ്പിച്ച വിജയവും പെരുത്ത യുദ്ധമുതലുകളും സമ്മാനിച്ചു. യുദ്ധവേളയില്‍ ശത്രുക്കളില്‍നിന്ന് പിടിച്ചെടുക്കുന്ന സാധന സാമഗ്രികളും വിഭവങ്ങളുമാണ് غنيمة. അതിന്റെ ബഹുവചനമാണ് مَغَانِم. ഇവിടെ മുഖ്യമായി സൂചിപ്പിക്കുന്നത് ഖൈബറില്‍നിന്ന് കൈവശപ്പെടുത്തിയ സമ്പത്താണ്. യുദ്ധം നടക്കുകയായിരുന്നെങ്കില്‍ മക്കയില്‍നിന്നു ലഭിക്കുമായിരുന്നതിനു പകരമായി ബൈഅതുര്‍രിദ്‌വാനില്‍ പങ്കെടുത്തവര്‍ക്കു മാത്രമായി വിതരണം ചെയ്യപ്പെട്ടതാണീ സമ്പത്ത്. അല്ലാഹു എന്നും അജയ്യനാണ്. എല്ലാ കഴിവുകളും തികഞ്ഞവനുമാണ്. സൃഷ്ടികളുടെ എല്ലാ കാര്യങ്ങളും അവന്‍ തത്ത്വാധിഷ്ഠിതമായി ആസൂത്രണം ചെയ്തു നടപ്പാക്കുന്നു - وَكَانَ اللَّهُ عَزِيزًا حَكِيمًا.

ബൈഅത്തുര്‍രിദ്‌വാനില്‍ പങ്കെടുത്തവരൊക്കെ വലിയ മഹാന്മാരായിരുന്നു. അല്ലാഹുവിന്റെ സവിശേഷമായ പ്രീതി നേടിയവരും നരക മുക്തരും സ്വര്‍ഗാവകാശികളുമാണ്. അവരില്‍ വന്നുപോയ തെറ്റുകുറ്റങ്ങള്‍ അല്ലാഹു പൊറുത്തുകൊടുക്കുമെന്ന് പ്രതീക്ഷിക്കാം. മരച്ചുവട്ടില്‍ പ്രതിജ്ഞ ചെയ്തവരിലാരും തന്നെ നരകത്തില്‍ കടക്കുകയില്ലെന്ന് നബി (സ) പ്രസ്താവിച്ചതായി ജാബിറുബ്നു അബ്ദില്ലയില്‍നിന്ന് ഇമാം മുസ് ലിം നിവേദനം ചെയ്തിരിക്കുന്നു. എന്നാല്‍, ഈ ബൈഅത്തില്‍ പങ്കെടുത്തവര്‍ ചെയ്യുന്നതൊക്കെ പൂര്‍ണമായും ശരിയാണെന്നോ വിമര്‍ശനാതീതമാണെന്നോ ഇതിനര്‍ഥമില്ല. ഈ ബൈഅത്തില്‍ പങ്കെടുത്ത സ്വഹാബികളില്‍ ചിലര്‍ പരസ്പരം വിമര്‍ശിക്കുകയും എതിര്‍ക്കുകയും വിരുദ്ധമായ നിലപാടുകള്‍ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബൈഅത്തില്‍ പങ്കെടുക്കാത്തവരും ചിലപ്പോള്‍ അവരെ വിമര്‍ശിച്ചിട്ടുണ്ട്. ഹുദൈബിയ പ്രതിജ്ഞയില്‍ പങ്കെടുത്തവരില്‍ ഒരാളെങ്കിലും കപടന്‍ -منافق- ആയിരുന്നുവെന്ന് ജാബിറുബ്നു അബ്ദില്ല പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം സൂചിപ്പിച്ച ആള്‍ -ജദ്ദുബ്നു ഖൈസ്- വിമര്‍ശനാതീതനായ പുണ്യാത്മാവാണെന്ന് പറയാന്‍ പറ്റില്ലല്ലോ.

*സൂക്തസാരം:* ഹുദൈബിയയിലെ വൃക്ഷച്ചുവട്ടില്‍വെച്ച് പ്രവാചകനോട് ആത്മാര്‍പ്പണ പ്രതിജ്ഞ ചെയ്ത സത്യവിശ്വാസികളില്‍ അല്ലാഹു സംപ്രീതനായിരിക്കുന്നു. അവരുടെ വിശ്വാസത്തിന്റെ ദൃഢതയും നിഷ്കളങ്കതയും വീര്യവും അവന്‍ കണ്ടറിഞ്ഞു കഴിഞ്ഞതിനാല്‍ അവരുടെ ഹൃദയങ്ങള്‍ക്ക് അലൗകികമായ ഒരു ശാന്തതയും ധൈര്യവും അവന്‍ പ്രദാനം ചെയ്തു. അവരുടെ സദ്ഗുണങ്ങള്‍ പുരസ്കരിച്ച് അടുത്ത സൈനിക സംരംഭങ്ങളില്‍ വന്‍ വിജയവും പെരുത്ത മുതലുകളും സമ്മാനിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ അജയ്യമായ തത്ത്വാധിഷ്ഠിത നടപടികളുടെ നിദര്‍ശനമാണത്. ●

**ബൈഅത്തുര്‍രിദ്‌വാനില്‍ പങ്കെടുത്തവരൊക്കെ വലിയ മഹാന്മാരായിരുന്നു. അല്ലാഹുവിന്റെ സവിശേഷമായ പ്രീതി നേടിയവരും നരക മുക്തരും സ്വര്‍ഗാവകാശികളുമാണ്. അവരില്‍ വന്നുപോയ തെറ്റുകുറ്റങ്ങള്‍ അല്ലാഹു പൊറുത്തുകൊടുക്കുമെന്ന് പ്രതീക്ഷിക്കാം.**